**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 390** **08-06-2021 - ൽ മറുപടിയ്ക്ക്**

**നിക്ഷേപ സൗഹൃദ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | **Shri. P. Rajeeve**<br>**(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുവാൻ വ്യവസായ വകുപ്പ് നിക്ഷേപ സൗഹൃദ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കുന്നതിനും ഉതകുന്ന വിവിധ നിയമ നിർമാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. 2018-ലെ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികൾ ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നാഷണൽ ഇൻഫോർമാറ്റിക് സെൻറർ (NIC) വഴി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC) ആണ് K-SWIFT ഓൺലൈൻ ഏകജാലക സംവിധാനത്തിന്റെ മേൽനോട്ടം വഹിക്കുന്നത്. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതതു വകുപ്പുകൾ ലഭ്യമാക്കുന്നതാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതോടൊപ്പം 2019-ലെ 'കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ |

| | | | |
|---|---|---|---|
| | | | സത്യവാങ്മൂലം സമർപ്പിച്ച വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. KSWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ‘MSME Acknowledgement Certificate’ ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്കു സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ ‘കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിനു ഒരു ഇൻവെസ്റ്റ്മെന്റ് ഫസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നടപടികളുടെ ഭാഗമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിലെ ദേശീയ റാങ്കിംഗിൽ സംസ്ഥാനത്തിന്റെ നിലവിലെ റാങ്ക് ഏറ്റവും മുകളിലത്തെ അഞ്ചിലൊന്നായി മെച്ചപ്പെടുത്തുന്നതിന് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | കേന്ദ്ര സർക്കാരിൻറെ ഡിപ്പാർട്ട്മെൻറ് ഓഫ് പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറ്റേണൽ ട്രേഡ് (DPIIT) 2019-ൽ പ്രസിദ്ധീകരിച്ച റാങ്കിങ്ങിൽ കേരളം 28- ാം സ്ഥാനത്താണ് കാണുന്നത്. കേരളത്തിനു പ്രത്യേകമായുള്ള ചില സവിശേഷ സാഹചര്യങ്ങൾ കണക്കിലെടുക്കാതെയുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരമാണ് ദേശീയ റാങ്കിങ്ങിൽ പിന്നോട്ടുപോയിട്ടുള്ളതെന്നു വിലയിരുത്തിയിട്ടുണ്ട് . 2020 ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ സംസ്ഥാനത്തിനും 301 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 47 ദൗത്യങ്ങൾ സംസ്ഥാനത്തിന് ബാധകമല്ല എന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 254 ദൗത്യങ്ങളിൽ 238 എണ്ണം പൂർത്തീകരിച്ച് ഡി.പി.ഐ.ഐ.ടി. ക്ക് തെളിവുകൾ സമർപ്പിച്ചിട്ടുണ്ട്. ഇത് നിർബന്ധിത ദൗത്യത്തിൻറെ 94 ശതമാനം വരും. മുൻ വർഷത്തേക്കാൾ ഏകദേശം 10 ശതമാനം പുരോഗതി ഇക്കാര്യത്തിൽ നേടാനായിട്ടുണ്ട്. ഡി.പി.ഐ.ഐ.ടി., സംസ്ഥാനം സമർപ്പിച്ച രേഖകളുടെ സൂക്ഷ്മപരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനുശേഷം സംരംഭകരുടെ ഇടയിൽ നടത്തുന്ന അഭിപ്രായ സർവേയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ റാങ്കിങ് നിശ്ചയിക്കുന്നത്. വ്യവസായികളിൽ നിന്നും ശേഖരിക്കുന്ന അഭിപ്രായങ്ങൾ അഥവാ ഫീഡ്ബാക്ക് സർവേ EODB റാങ്കിംഗ് നിശ്ചയിക്കുന്നതിൽനിർണ്ണായക ഘടകമാകുന്നു . ആയതിനാൽ ഇവ മെച്ചപ്പെടുത്താൻ |

| | | | |
|---|---|---|---|
| | | | വ്യവസായ വകുപ്പിന്റെ കോൾ സെന്റർ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കേരളത്തിലെ വ്യവസായ അന്തരീക്ഷം കൂടുതൽ സൗഹാർദ്ദപരമാക്കുവാൻ കൂടുതൽ പരിഷ്കാരങ്ങൾ ഈ മേഖലയിൽ ആവശ്യമാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിനായി പുതിയ നിയമം കൊണ്ട് വരുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | വ്യവസായികളിൽ നിന്നും സംരംഭകരിൽ നിന്നും ലഭിക്കുന്ന പരാതികളും നിവേദനങ്ങളും ഫലപ്രദമായി തീർപ്പാക്കുന്നതിനുവേണ്ടി ഒരു ഏക ജാലക സംവിധാനം ആവിഷ്കരിക്കാനും ഇതിനുവേണ്ടി ഒരു സ്റ്റാറ്റ്യൂട്ടറി കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിക്ക് പിൻബലം നൽകുന്നതിനായി നിയമത്തിന്റെ കരട് രൂപീകരിക്കുന്നതിന്നതിനായി വ്യവസായ.-നിയമ-തദ്ദേശസ്വയംഭരണ . വകുപ്പ് സെക്രട്ടറിമാർ അടങ്ങുന്ന സമിതി 31/05/2021 തീയതിയിലെ G.O.(Rt)No.523/2021/ID പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ